# ഭാഷയ്ക്കും എഴുത്തിനും പരിണാമങ്ങൾ
# (ഒരു പുനർവായന)

## വർഗീസ് ഏബ്രഹാം ഡെൻവർ

**ഇ**ന്നു ലോകം വളരെ വേഗത്തിലാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഇരുപതോ അൻപതോ വർഷങ്ങൾക്കു മുൻപ് വിഭാവനം ചെയ്ത ഒരു ലോകത്തെയല്ല നാമിന്നു കാണുന്നത്. ഇത്രയധികം വേഗത്തിൽ നാം എങ്ങോട്ട് ഓടിപ്പോവുന്നു. വളരെ സ്പീഡിൽ ഓടി എവിടെങ്കിലും ഇടിച്ചു തകരുമോ എന്നൊരു ഭീതി മനസ്സിനെ നാളുകളായി മഥിച്ചുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്. ആധുനിക സാങ്കേതികവിദ്യയുടെ ആവിർഭാവം ഇന്നു അന്തർദേശീയ സമൂഹത്തെ ഒരു ആഗോള ഗ്രാമമാക്കി മാറ്റി, വാർത്താ ദൃശ്യ മാദ്ധ്യമങ്ങളുടെ ഉത്തരാധുനിക മനുഷ്യന്റെ മേലുള്ള സ്വാധീനം പണ്ടത്തേതിലും പതിന്മടങ്ങാണ്. അതൊരു വലിയ വാതായനം തന്നെയാണു മനുഷ്യസമൂഹത്തിനു തുറന്നു കൊടുത്തിരിക്കുന്നത്. അതിന്റെ ഗുണഭോക്താക്കൾ മനുഷ്യസമൂഹം തന്നെയാണെന്നും സമ്മതിക്കുന്നു. എന്നാൽ ദോഷവും മറക്കാവതല്ല. ഇന്റർനെറ്റ് എന്നു പറയുന്ന ഈ 'ചിലന്തിവല'യുടെ ഊരാക്കുടുക്കിൽ അതിന്റെ ദൂഷ്യഫലം അനുഭവിക്കുന്നതും അതേ ജനസമൂഹം തന്നെയാണ് എന്നുള്ള സത്യവും വിസ്മരിച്ചുകൂടാ. അതായതു, ലോകത്തിന്റെ ചവറ്റുകുട്ടയിലെ ഇതരമാലിന്യങ്ങളും നമ്മുടെ ഫാമിലി റൂമിൽ വന്നു കുമിഞ്ഞു കൂടി.

ഈ വളർച്ചയിൽ നല്ലതെങ്കിലും, തീയതെങ്കിലും, മനുഷ്യന്റെ സംസ്കാരത്തിനും, ജീവിത ശൈലിക്കും വലിയ വ്യതിയാനം സംഭവിച്ചു. ആർഷ ഭാരതത്തിൽ ഒരു കാലത്തു ജീവിച്ചിരുന്ന മിസ്റ്റിക്കുകളും, സീയേഴ്സും (Seers) അദ്വദാന്തികളും പഠിപ്പിച്ചുതന്ന ആ മൂല്യങ്ങളൊക്കെയും ക്രമേണ മൺമറയപ്പെടുകയാണോ എന്നു തോന്നിപ്പോവുന്നു. ആഗോള സംസ്കാര വ്യാപനത്തിന്റെ കടന്നുകയറ്റം മൂലം ഭാരതീയനും പശ്ചാത്യരേ പോലെ ഒരു 'മെക്കാനിക്കൽ ലൈഫി 'ലേക്കു ഊർന്നിറങ്ങി.

ഇന്നത്തെ ഉപഭോക്തൃ സംസ്കാരത്തിൽ കിടന്നു വീർപ്പുമുട്ടുന്ന മനുഷ്യനു ചിന്തിക്കാൻ സമയമില്ല. കുടുംബമായി അല്പനേരം സംസർഗ്ഗം ചെയ്യാൻ പോലും സമയമില്ല. ഭാര്യയും ഭർത്താവും ഓട്ടമാണ്. 'കാലിൽ നടന്നും കാറിൽ ഇരുന്നും കാലത്തു തൊട്ടേ ഓട്ടം' എന്നാണല്ലോ, യേശുദാസ് പാടിയത്? ഒരു രാത്രി കൊണ്ടു സമ്പന്നനാവാനുള്ള വലിയ നെട്ടോട്ടം! നഗര കേന്ദ്രീകൃതമായ അവന്റെ ജീവിതത്തിൽ അവനു ഒന്നിനും സമയമില്ല. ഇതാണു ന്യൂജനറേഷൻ ജീവിതം! ജീവിതത്തിന്റെ തൊണ്ണൂറു ശതമാനം സമയവും ജോലിയിലാണ്. അവനു വായിക്കാനെവിടെ സമയം? ഈ സാഹചര്യത്തിലാണ് പുതിയ എഴുത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

പണ്ടുകാലത്തു മഹാഭാരതവും, ഉപനിഷത്തുകളും മറ്റിതര വേദാന്തങ്ങളും ഒക്കെ ആദിയും അന്തവുമില്ലാത്ത എഴുത്തുകളായിരുന്നു. ബി.സി.യിൽ എഴുതി ചില വേദാന്തങ്ങൾ ഏ.ഡി. നാലാം ശതകത്തിൽ വരെ നീണ്ടു നിന്നു എന്നു ചരിത്രം സാക്ഷി. അന്നൊക്കെയും സമ്പന്നരായ മനുഷ്യർ വായിക്കാൻ ധാരാളം സമയം കണ്ടെത്തിയിരുന്നു. കാരണം അവരുടെ വേലകൾ ചെയ്യാൻ അവർക്കു ധാരാളം വേലക്കാർ ഉണ്ടായിരുന്നു. അന്നത്തെ എഴുത്തുകളൊക്കെയും ആഖ്യാനഗഹനമുള്ളവയായിരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ അവയെല്ലാം മാറിമറിഞ്ഞു. ഇന്നത്തെ പുതിയ മനുഷ്യനു വായനാശീലം കുറഞ്ഞു. ഇന്നവനു എല്ലാം ഗുളിക പരുവത്തിൽ ലഭ്യമാണ്. അവന്റെ പോക്കറ്റിൽ കിടക്കുന്ന സെൽഫോൺ എന്നു വിളിക്കുന്ന ആ മിനി കമ്പ്യൂട്ടറിൽ അത്യാവശ്യ വിവരങ്ങളെല്ലാം സുലഭം. ആ ഗാഡ്ജറ്റിനു എണ്ണായിരത്തിനാനൂറു മൈലകലെയുള്ള നമ്മുടെ

കൊച്ചു കേരളത്തിലെ അവന്റെ സഹോദരനെയോ, സഹോദരിയേയോ ഉറക്കത്തിൽ നിന്നും വിളിച്ചുണർത്താൻ കേവലം നാലഞ്ചു സെക്കന്റു മാത്രം മതി. അതാണു ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ച.

ഇന്നു നാം ഇൻഫർമേഷൻ സൂപ്പർ ഹൈവേയിൽ കൂടെ അതിവേഗം പായുകയാണ്. ഈ സാഹചര്യത്തിലാണു നാം പുതിയ എഴുത്തിനു മാനം കാണേണ്ടത്. ഇന്നത്തെ മനുഷ്യനു നൂറു കണക്കിനു പേജുകളുള്ള നോവലോ, നീണ്ടകഥയോ വായിക്കുന്നതു വളരെ ശ്രമകരമാണ്. നീണ്ട കഥയുടെ കണ്ടൻസ് അതായത് ആശയം ക്രോഡീകരിച്ചുള്ള ആശയസാന്ദ്രമായ കഥകൾ, അതാണു ആധുനിക മനുഷ്യൻ ഇന്നാഗ്രഹിക്കുന്നത്. ഇവിടെയാണു ഹൈക്കു പോലെയുള്ള കവിതകൾക്കു പ്രസക്തി വർദ്ധിക്കുന്നത്. രണ്ടുമൂന്നു വരികളിൽ വലിയ ആശയം ഉൾക്കൊള്ളുന്ന കവിത.

ഇന്നു ഭാഷയ്ക്കും പരിണാമം സംഭവിച്ചുകൊണ്ടിരിക്കുന്നു. ലോകത്തിൽ വിവിധതരം ഭാഷകൾ രൂപം കൊണ്ട ഒരു കാലയളവുണ്ടായിരുന്നു. എന്നാൽ കാലാന്തരേ അതു നിന്നു പോയി. കമ്പ്യൂട്ടറിന്റെ ആവിർഭാവത്തോടു കൂടി ഇരുപതാം നൂറ്റാണ്ടിന്റെ പശ്ചിമപാദത്തിൽ ഒരു പുതിയ ഭാഷ ജന്മം കൊണ്ടു. അതിന്റെ പേരാണ് 'കമ്പ്യൂട്ടർ ഭാഷ' എന്നത്. ഇംഗ്ലീഷ് കഴിഞ്ഞാൽ ലോകത്തിലെ എല്ലാ ജനങ്ങളും 'സംസാരിക്കുന്ന' ഒരേയൊരു ഭാഷ. ഇന്നത്തെ ലോകഭാഷ! ഈ ഭാഷക്കനുസരണമായിട്ടാണു ഉത്തരാധുനിക മനുഷ്യൻ ചിന്തിക്കുന്നതും, ജീവിക്കുന്നതും. അപ്പോൾ ജീവിതത്തിലും, ഭാഷയിലും, എഴുത്തിലും മാറ്റങ്ങൾ സംഭവിക്കുന്നു.

നാനാത്വത്തിൽ ഏകത്വം എന്നഭിമാനിച്ചിരുന്ന നമ്മുടെ മാതൃരാജ്യത്തു ഇന്നു സാംസ്ക്കാരികവും, സാമൂഹികവുമായ ഒരു ഏകാത്മകതയോ, ഏകതാനതയോ നഷ്ടമായിക്കൊണ്ടിരിക്കുന്ന ഒരു കാലയളവുമാണല്ലോ? വളരെയധികം ആശങ്കാജനകമായ ഒരു സാഹചര്യം! തീവ്രവാദവും, മത അസഹിഷ്ണുതയും കൂടിവരുന്ന ഈ കാലയളവിൽ, ഭാരതത്തിന്റെ അഖണ്ഡതയെ ഇതു എത്രമാത്രം ബാധിക്കുമെന്നും ഇരുത്തി ചിന്തിക്കേണ്ട ഒരു കാലയളവു കൂടിയാണിത്. ചിന്താഗതിയിൽ മാറ്റമുണ്ടാവുമ്പോൾ എഴുത്തിലും മാറ്റം സംഭവിക്കുന്നു. ഇതിനുദാഹരണമാണ് ഒരിക്കൽ യൂറോപ്യൻ രാജ്യങ്ങളിൽ കണ്ട ചുവരെഴുത്തുകൾ.

പ്രവാസി സാഹിത്യം എന്നു പറയുന്ന ഒന്നുണ്ടോ എന്നുള്ള ചോദ്യം ഇന്നും തുടരുകയാണ്. പ്രവാസി സാഹിത്യം എന്ന ഒന്നുണ്ട് എന്നു വിശ്വസിക്കാൻ താൽപര്യപ്പെടുന്ന കൂട്ടത്തിലാണ് ഈ ലേഖകൻ. ഒരു ചെറിയ സംശയം ഈ 'ആടു ജീവിതം' എന്ന വിഖ്യാതമായ നോവൽ ഒരു പ്രവാസി സാഹിത്യമല്ലേ? എനിയ്ക്കു തെറ്റിയെങ്കിൽ എന്റെ മാന്യ അനുവാചക സുഹൃത്തുക്കൾ ക്ഷമിക്കുക! പുതിയ എഴുത്തു എന്നു പറയുന്നതിനു വിശാലമായ ഒരു നിർവ്വചനം ഇല്ലേ എന്നും ചോദിച്ചു പോവുകയാണ്.

റ്റി.വി.യുടെയും, റിയാലിറ്റി ഷോയുടേയും ന്യൂജനറേഷൻ കാലയളവിൽ ഭാഷയ്ക്കും, ജീവിതശൈലിയ്ക്കും, സംസ്ക്കാരത്തിനും വലിയ പരിണാമം ഉണ്ടായി. ഇന്നത്തെ ന്യൂ ജനറേഷൻ സിനിമാക്കാർക്കു നമ്മുടെ കുട്ടികളോടു എന്തു കഥയാണ് പറയാനുള്ളത്? രണ്ടു വർഷം മുൻപ് പ്രൊഫസർ മധുസൂദനൻ നായർ അമേരിക്കയൽ വന്നപ്പോൾ ഇങ്ങനെ പറഞ്ഞത് വീണ്ടും ഒന്നു കൂടെ ഓർപ്പിക്കുകയാണ്. "സംസ്ക്കാരം നശിക്കുമ്പോൾ ഭാഷയും നശിക്കുന്നു" എന്ന്. ഇന്നത്തെ ന്യൂ ജനറേഷൻ സീരിയൽ, സിനിമ, ചില റിയാലിറ്റി ഷോകൾ, അതിലെ ഭാഷകൾ, അശ്ലീലചുവയുള്ള ദ്വയാർത്ഥങ്ങളുള്ള അധമ സംസാരങ്ങൾ, അതുകേട്ടു തഴമ്പിച്ച പുതിയ തലമുറയ്ക്കുണ്ടാവുന്ന ധാർമ്മിക അധഃപതനം, ഇതൊക്കെയും ഇന്നു ഗവേഷണ പഠന വിഷയമാക്കേണ്ടതാണ്.

ഇന്നു സാഹിത്യത്തിനു ആരു വില കൽപിക്കുന്നു? റ്റി.വി. ഷോകളിലും, മറ്റുമുപയോഗി ക്കുന്ന 'adulterated' ഭാഷ പഠിപ്പിക്കുന്ന ട്രെയിനിംഗ് സെന്റർ വരെയുണ്ട് കേരളത്തിൽ എന്നു കേൾക്കുന്നു. "ഞാൻ ആധുനിക മലയാളഭാഷയുടെ മാതാവ്" എന്നു ഒരു സങ്കോചവുമില്ലാതെ, അഹന്തയോടെ പുലമ്പിയ ഒരു റ്റി.വി. അവതാരകയെ സമീപകാലത്തു മലയാളം ചാനലിൽ കണ്ടു.

ഒരിക്കൽ 'ഭാഗ്യം', 'ഭാര്യ', 'ഘടകം' എന്നൊക്കെ ഉച്ചരിച്ച വാക്കിന് ഇന്നു 'ബാഗ്യം', 'ബാര്യ', 'ഗഡഗം' എന്നൊക്കെയാണിന്നു ഉച്ചരിച്ചു കേൾക്കുന്നത്. അങ്ങന്നെ... അങ്ങനെ... അങ്ങ നെ... ഇതു ഭാഷയിൽ വന്നുകൊണ്ടിരിക്കുന്ന അപചയമോ ഉപചയമോ?

ഇന്നു നമ്മൾ അമേരിക്കയിൽ ഇംഗ്ലീഷ് അല്ല പ്രത്യുത 'അമേരിക്കൻ' ആണ് സംസാരിക്കു ന്നത് എന്നു പറഞ്ഞപോലെ ഒരു ഇരുപതോ അൻപതോ വർഷങ്ങൾ പിന്നിടുമ്പോൾ കേരള ത്തിൽ ശുദ്ധമലയാളത്തിനു പകരം എന്തായിരിക്കുമോ സംസാരിക്കുന്നത്...?